കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ത്രിതല പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം - പുതുക്കിയ സ്പെസിഫിക്കേഷൻ പ്രകാരം കമ്പ്യൂട്ടർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ.(സാധാ) നം. 159/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 16.01.2012.

---

പരാമർശം:-1. സ.ഉ.(പി) നം. 26/2005/ഐ റ്റി ഡി തിയതി 24.12.2005

2. സ.ഉ. (സാധാ) നം. 1509/2011/തസ്വഭവ തിയതി 24.06.2011
3. സ.ഉ. (സാധാ) നം. 1972/2011/തസ്വഭവ തിയതി 22.08.2011
4. പഞ്ചായത്ത് ഡയറക്ടറുടെ 28.10.2011 ലെ ജെ 5 - 31248/2011 നമ്പർ കത്ത്.
5. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടിവ് ചെയർമാൻ ആൻറ് ഡയറക്ടറുടെ 11.11.2011 ലെ ഐ കെ എം/ഇ സി ഡി/35/2011 നമ്പർ കത്ത്.

<u>ഉത്തരവ്</u>

'സാംഖ്യ' സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ സ്പെസിഫിക്കേഷനിലുള്ള 9 വരെ എണ്ണം കമ്പ്യൂട്ടറുകൾ ഡി.ജി.എസ്. ആൻറ് ഡി റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ വാങ്ങുന്നതിന് പരാമർശം (3) ലെ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു.

2. ഗ്രാമപഞ്ചായത്തുകളിൽ വിപുലമായ ഇ - ഗവേണൻസ് പരിപാടികൾ നടപ്പിലാക്കുവാൻ നിലവിലുള്ള സ്പെസിഫിക്കേഷൻ മാറ്റി ഇൻഫർമേഷൻ കേരള മിഷൻ നിശ്ചയിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള കാര്യക്ഷമത കൂടിയ കമ്പ്യൂട്ടറുകൾ പൊതു ടെണ്ടറിലൂടെ വില നിർണ്ണയിച്ച് വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകണമെന്ന് പരാമർശം (4), (5) പ്രകാരം പഞ്ചായത്തു ഡയറക്ടറും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടിവ് ചെയർമാൻ ആൻറ് ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചശേഷം താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:

i) ജില്ലാ തലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ അപ്ഗ്രേഡ് ചെയ്യാവുന്നവയും എക്സ്ചേഞ്ചു ചെയ്യാവുന്നവയുമായ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും എണ്ണം തിട്ടപ്പെടുത്തുന്നതിന് ഒരു 'ഹാർഡ് വെയർ ക്ലിനിക് ' നടത്തുന്നതിനും അതിൽ നിന്നും അപ്ഗ്രേഡ് ചെയ്യാവുന്നവ അപ്ഗ്രേഡ് ചെയ്യുന്നതിനും അപ്ഗ്രേഡ് ചെയ്യാൻ സാധിക്കാത്തവ പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി എക്സ്ചേഞ്ച് ചെയ്യുന്നതിനും അനുമതി നൽകുന്നു.

ii) ഇൻഫർമേഷൻ കേരള മിഷൻ നിശ്ചയിച്ചു നൽകുന്ന സ്പെസിഫിക്കേഷനും, എണ്ണവും ആന്വൽ മെയിൻറനൻസ് കോൺട്രാക്ട് വ്യവസ്ഥകളും അനുസരിച്ച് പൊതു ടെണ്ടറിലൂടെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പരാമർശം (3) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എം. ഷാഹുൽ ഹമീദ്
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ചെയർമാൻ ആൻറ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് / സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ് (66998/ഡിഎ1/11/തസ്വഭവ പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആൻറ് ഇ), കേരള, തിരുവനന്തപുരം,
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ